വയനാട് ജില്ലയിൽ ഒബ്സർവേഷൻ ഹോമിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ നടപടി

62 [1201] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഒബ്സർവേഷൻ ഹോമിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടും കെട്ടിടം തുറന്ന് പ്രവർത്തിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എപ്പോൾ പൂർത്തിയാക്കി തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വെളിപെടുത്തുമോ?

ഉത്തരം

(എ, ബി) വയനാട് ഒബ്സർവേഷൻ ഹോമിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

കേരളത്തെ ഐ.ടി. ഡെസ്റ്റിനേഷനാക്കുന്നതിനുള്ള ശ്രമം

63 [1202] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഐ.ടി. ഡസ്റ്റിനേഷനാക്കി മാറ്റുന്നതിനുള്ള പ്രവർത്തനഫലം വെളിപ്പെടുത്താമോ;

(ബി) മിനി ടെക്നോപാർക്കുകളോ ഐ.ടി. ആപ്ലിക്കേഷൻ കേന്ദ്രങ്ങളോ സ്ഥാപിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും ഇല്ലെങ്കിൽ എവിടെയെല്ലാം സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിച്ചു വരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) കൃഷി, ചെറുകിട വ്യവസായം, ഊർജ്ജ സംരക്ഷണം തുടങ്ങി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു മാതൃകാ പരിപാടി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഏറ്റവും ആകർഷകമായ ഒരു ഐ.ടി. പോളിസിയും ഇൻസെന്റീവ് പാക്കേജും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ടെക്നോപാർക്കിലും, കൊച്ചി ഇൻഫോ പാർക്കിലും ആഗോള നിലവാരത്തിലുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകിവരുന്നു. കമ്പനികളെ ആകർഷിക്കുന്നതിനായി ഫലപ്രദമായ ബിസിനസ് പ്രൊമോഷൻ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇൻഫോസിസ് എന്ന കമ്പനി കേരളത്തിൽ നിക്ഷേപം നടത്താൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഐ.ടി.-യുടെ ഉപയോഗം വ്യാപകമാക്കുന്നതിനായി Bridging the Digital Divide (അക്ഷയ) Project മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. സർക്കാർ വകുപ്പുകളുടെ/ഏജൻസികളുടെ വിവിധ സേവനങ്ങൾ ഒരു സ്ഥലത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്ന ഏകജാലക സംവിധാനമായ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സർക്കാർ തലത്തിലും ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കിവരുന്നുണ്ട്.

ഐ.ടി. രംഗത്ത് കടന്നുവരുന്ന പുത്തൻ വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. കേരള വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. 618 ലക്ഷം രൂപ മുതൽമുടക്ക് വരുന്ന 6 പദ്ധതികൾ പൂർത്തിയാക്കുകയും 76 ലക്ഷം രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി നിർമ്മാണ ഘട്ടത്തിലുമാണ്.

(ബി, സി) ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യും കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോണുമായി (എസ്.ഇ.ഇസഡ്.) ചേർന്ന് ഐ.ടി. പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ ഷിപ്പ്യാഡുമായി ചേർന്ന് 65 കോടി രൂപ മുതൽമുടക്ക് വരുന്ന ഐ.ടി. പാർക്ക് സ്ഥാപിക്കുവാൻ കെ.എസ്.ഐ.ഡി.സി. ആലോചിച്ച് വരുന്നു. മുത്തൂറ്റ് ഗ്രൂപ്പ് കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോണിൽ സ്ഥാപിക്കുന്ന ഐ.ടി. പാർക്കിൽ കെ.എസ്.ഐ.ഡി.സി. സഹകരിക്കുന്നുണ്ട്.

(ഡി) കാർഷിക മേഖലയിൽ കൃഷിക്കാരുടെ ആവശ്യകത ലക്ഷ്യമാക്കി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്, കേരളയുടെ ആഭിമുഖ്യത്തിൽ കർഷകർക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള കിസാൻ, കേരള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ആലോചന ഉണ്ട്. ചെറുകിട വ്യവസായം, ഊർജ്ജ സംരക്ഷണം തുടങ്ങി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഐ.ടി.-യുമായി ബന്ധപ്പെട്ട് മറ്റ് പരിപാടികൾ ആവിഷ്കരിച്ചിട്ടില്ല.

ഐ.ടി. വ്യവസായത്തെ ആകർഷിക്കുവാനുള്ള പദ്ധതികൾ

64 [1203] ശ്രീ. വർക്കല കഹാർ:
,, ജോർജ് ജെ. മാത്യു:
,, കെ. മുഹമ്മദാലി:
,, സി. പി. മുഹമ്മദ്:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. വ്യവസായത്തെ ആകർഷിക്കുവാൻ എന്തെല്ലാം പദ്ധതികൾ വരുന്നുവെന്നും ഈ രംഗത്ത് ഇപ്പോൾ എന്തു തുകയുടെ നിക്ഷേപം ഉണ്ടെന്നും പറയുമോ;

(ബി) അതിന്റെ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തേക്ക് ഐ.ടി. വ്യവസായത്തെ ആകർഷിക്കുന്നതിന്റെ ഭാഗമായി നിക്ഷേപകർക്കുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു ഐ.ടി. ഇൻഡസ്ട്രി/ഇൻസെന്റീവ് നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വൻകിട ഐ.ടി.

LIBRARY ARCHIVES Kerala Legislative Assembly